നമ്പർ: ജി(1)38783/07

സഹകരണസംഘം രജിസ്ട്രാർ ആഫീസ്,
തിരുവനന്തപുരം, തീയതി: 28.01.2009

**സർക്കുലർ നമ്പർ : 7/2009**

വിഷയം:- സഹകരണവകുപ്പ് - "സഹകരണ നവരത്നം കേരളീയം" - സഹകരണസാമൂഹ്യം കേരളീയം - പ്രാദേശിക ലൈബ്രറികൾക്ക് പുസ്തകം വാങ്ങി സംഭാവനചെയ്യാൻ സംഘങ്ങളെ അനുവദിക്കുന്നത് സംബന്ധിച്ച്.

സൂചന:- 1. സഹകരണസംഘം രജിസ്ട്രാറുടെ 41/07 നമ്പർസർക്കുലർ.
2. സഹകരണസംഘംരജിസ്ട്രാറുടെ 52/08 നമ്പർസർക്കുലർ.

...............

സഹകരണ സ്ഥാപനങ്ങളിൽ ലൈബ്രറികൾ ആരംഭിക്കുന്നതിന് സൂചന (1)പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ നല്ലൊരുവിഭാഗം സഹകരണസംഘങ്ങളിൽ ലൈബ്രറികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സാംസ്കാരിക രംഗത്ത് വളരെ പ്രശംസ നേടിയ സഹകരണ ലൈബ്രറികൾ വായനസംസ്കാരം വളർത്തുന്നതിന്, കാര്യമായ പങ്കുവഹിക്കുന്നുവെന്ന് ഇതിനകംതന്നെ അഭിപ്രായമുയർന്നിട്ടുണ്ട്. എന്നാൽ ചിലസഹകരണ സംഘങ്ങൾ, ടി സംഘം പ്രവർത്തനപരിധിയിലെ നിലവിലുള്ള പ്രാദേശിക ലൈബ്രറികളിൽകൂടി പുസ്തകങ്ങൾ സംഭാവനയായി നൽകാൻ സന്നദ്ധത അറിയിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ സഹകരണ സംഘംരജിസ്ട്രാറുടെ ഭരണനിയന്ത്രണത്തിലുള്ള എല്ലാ സഹകരണ സ്ഥാപനങ്ങൾക്കും സഹകരണ സംഘത്തിൽ ലൈബ്രറിആരംഭിച്ചതിനുപുറമെസാഹിത്യപ്രവർത്തകസഹകരണ സംഘത്തിൽ നിന്നും (NBS) പുസ്തകങ്ങൾ വാങ്ങി പ്രാദേശിക സ്കൂൾ/ കോളേജ് ലൈബ്രറികൾക്ക് സംഭാവനയായി നൽകാവുന്നതാണ്.

ഇതിനായി പ്രാഥമിക സഹകരണസംഘങ്ങൾ/ബാങ്കുകൾ അതാത് ജനറൽ വിഭാഗം അസിസ്റ്റന്റ് രജിസ്ട്രാറിന് അപേക്ഷനൽകേണ്ടതും അസിസ്റ്റന്റ് രജിസ്ട്രാർ അപേക്ഷ പരിശോധിച്ച് സംഘത്തിന്റെ സാമ്പത്തിക സ്ഥിതികൂടി കണക്കിലെടുത്ത് കാലവിളംബംകൂടാതെ ജോയിന്റ് രജിസ്ട്രാറുടെ അനുവാദത്തിനായി നൽകേണ്ടതും, ജോയിന്റ് രജിസ്ട്രാർ കാലതാമസം കൂടാതെ അനുവാദം നൽകേണ്ടതുമാണ്. ഇപ്രകാരം അനുവാദം നൽകിയതിന്റെ വിവരം അതാതുസമയം രജിസ്ട്രാർക്ക് റിപ്പോർട്ട്ചെയ്യേണ്ടതും ഇതിനായിഒരുരജിസ്റ്റർ, നോഡൽആഫീസറായ ഡെപ്യൂട്ടിരജിസ്ട്രാർ(ഭരണം)എഴുതിസൂക്ഷിക്കേണ്ടതും ഓരോമാസവും ഇതിന്റെ പുരോഗതി പട്ടിക സഹകരണ സംഘം രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതാണ്.

സംഭാവന നൽകുന്നതിനാവശ്യമായ തുക പൊതുനൻമ ഫണ്ടിൽ നിന്നും ചെലവുചെയ്യാവുന്നതാണ്. പൊതുനന്മഫണ്ടിൽ ആവശ്യമായ തുക ലഭ്യമല്ലായെങ്കിൽ ജനറൽ ഫണ്ടിൽ നിന്നും ബഡ്ജറ്റിനുവിധേയമായി ചെലവു ചെയ്യാവുന്നതും ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടില്ലായെങ്കിൽ സപ്ളിമെന്ററി ബഡ്ജറ്റിൽ ഉൾപ്പെടുത്തി അടുത്ത്ചേരുന്ന പൊതുയോഗത്തിന്റെ അംഗീകാരം വാങ്ങേണ്ടതുമാണ്.

(ഒപ്പ്)
റാണിജോർജ്ജ്.ഐ.എ.എസ്
സഹകരണ സംഘം രജിസ്ട്രാർ

പകർപ്പ് :

1. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ, സംസ്ഥാന സഹകരണ ബാങ്ക്
2. പ്രസിഡന്റ്/മാനേജിംഗ് ഡയറക്ടർ
   സംസ്ഥാന കാർഷികഗ്രാമവികസന ബാങ്ക്
3. പ്രസിഡന്റ്/ജനറൽ മാനേജർ ജില്ലാ സഹകരണ ബാങ്കുകൾ
4. മാനേജിംഗ് ഡയറക്ടർ അപ്പക്സ് സ്ഥാപനങ്ങൾ
5. എല്ലാ ജോയിന്റ് രജിസ്ട്രാർ (ജനറൽ & ആഡിറ്റ്)മാർക്കും
6. എല്ലാ ജോയിന്റ് രജിസ്ട്രാർ/കൺകറന്റ് ആഡിറ്റർമാർക്കും.
7. എല്ലാ അസിസ്റ്റന്റ് രജിസ്ട്രാർ(ജനറൽ&ആഡിറ്റ്)മാർക്കും
   (ജോയിന്റ് രജിസ്ട്രാർ മുഖേന)
8. എല്ലാ സഹകരണ സംഘങ്ങൾക്കും(ജോയിന്റ് രജിസ്ട്രാർ മുഖേന)
9. എഡിറ്റർ സഹകരണ വീഥി
10. എഡിറ്റർ സഹകരണ ജേർണൽ,
    സംസ്ഥാന സഹകരണ യൂണിയൻ, തിരുവനന്തപുരം
11. ഡയറക്ടർ ഇൻഫർമേഷൻ പബ്ളിക് റിലേഷൻ
    ഗവൺമെന്റ് സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
    (ഉപരി പത്രം സഹിതം)
12. സ്റ്റോക്ക് ഫയൽ/സ്പെയർ

//ആജ്ഞാനുസരണം//

ഡെപ്യൂട്ടി രജിസ്ട്രാർ(വിജിലൻസ്)

എസ്.എ